# ഡയറക്ടർ

സി. ജെ. തോമസ്



ഡയറക്ടർ
സി. ജെ. തോമസ്
(മലയാളം: ലേഖനം)

© 2022, C. J. Thomas

The electronic versions have been created by making use of the production infrastructure of River Valley Technologies.

The electronic versions were generated from sources marked up in LaTeX in a computer running GNU/LINUX operating system. PDF was typeset using XeTeX from TeXLive 2020 and the cloud framework, Ithal (ഇതൾ). The base font used was traditional script of Rachana, contributed by KH Hussain, et al. and maintained by Rachana Institute of Typography. The font used for Latin script was Linux Libertine developed by Philipp H. Poll.

The electronic versions are released under the provisions of Creative Commons Attribution Non-commercial ShareAlike license for free download and usage.

Cover: The Embarkation for Cythera, a painting by Jean-Antoine Watteau (1684–1721). The image is taken from Wikimedia Commons and is gratefully acknowledged.

**Sayahna Foundation**
JWRA 34, Jagathy, Trivandrum, India 695014
URL: www.sayahna.org

സി ജെ തോമസിന്റെ ലേഖനങ്ങൾ എപ്പോഴും സമകാലികമാവാനുള്ള ഒരു ശേഷി പ്രകടിപ്പിയ്ക്കുന്നു. തിരഞ്ഞെടുക്കുന്ന വിഷയങ്ങളുടെ സവിശേഷതകൾകൊണ്ടു മാത്രമല്ല അത്, ഭാഷയുടെ ചൊടികൊണ്ടുകൂടി അവ നമ്മെ ഇന്നും ആകർഷിക്കുന്നു. 'സായാഹ്ന' അവ പുനഃപ്രകാശിപ്പിക്കുന്നതിന്റെ ഒരു കാരണവും അതത്രെ. എങ്കിലും, ഈ ലേഖനങ്ങളിൽ ചിലപ്പോഴെങ്കിലും കാണാറുള്ള ലിംഗപരവും വംശീയപരവുമായ ഭാഷാ പ്രയോഗങ്ങൾ, നിർദോഷമല്ലാത്ത കളിയാക്കലുകൾ, ഞങ്ങളും ശ്രദ്ധിക്കുന്നു. പക്ഷേ, അവ അതേപോലെ തിരുത്താതെ പ്രസിദ്ധീകരിയ്ക്കുന്നു. നീതിയുടെ തെളിച്ചത്തിലേക്ക് എഴുത്തുകാരും സമൂഹവും എത്തുന്നതിലെ കാലതാമസം മറച്ചു വെയ്ക്കേണ്ടതുമല്ലല്ലോ. മാന്യ വായനക്കാർ ഇതെല്ലാം കാണുന്നുണ്ടാകുമെന്നുതന്നെ ഞങ്ങൾ കരുതുന്നു.

# ഡയറക്ടർ

നാടകം ഏറ്റവും ജനകീയമായ ഒരു കലയാണ്. വളരെയാളുകൾ അതു കുറേസമയം കണ്ടുരസിക്കുന്നുണ്ട്. ഒരു സംഘം ആളുകളുടെ സംയുക്തപ്രവർത്തനമാണ് നാടകാഭിനയം. ഇതൊക്കെ ശരിയാണെങ്കിലും നാടകം നടന്നുകൊണ്ടിരിക്കുന്നതിനിടയിൽ ഡെമോക്രസി അപ്രത്യക്ഷമാകും. ഒരാൾ എഴുതിയ ഒരു നാടകം ഒരു സംഘം ആളുകൾ ചേർന്നഭിനയിക്കുമ്പോൾ അവിടെ ഒരു പ്രത്യേകതരം കേന്ദ്രീകരണം ആവശ്യമായിത്തീരുന്നു. നാടകകർത്താവ് വിഭാവനംചെയ്യുന്ന ഒരു ആശയമാണ് അവിടെ പ്രകടിപ്പിക്കേണ്ടത്. പ്രകടിപ്പിക്കുന്നതു മറ്റുകുറെ ആളുകളുമാണ്. ഇതെല്ലാം കണ്ടുരസിക്കാനുള്ളത് ഇനിയും വേറെ ചിലരും. ഇവരെയെല്ലാം കൂട്ടിച്ചേർക്കുക (ആശയപരമായി) എന്നതാണു പ്രധാനമായി നടക്കേണ്ട കാര്യം. നാടകം വായിച്ചു പഠിച്ച്, അതിനെപ്പറ്റി ചിന്തിച്ച്, നാടകകൃത്തിന്റെ ലക്ഷ്യം വ്യക്തമായി ഗ്രഹിച്ച് അതു നാട്യസംഘത്തിനു പകർന്നു കൊടുക്കുവാനുള്ള ചുമതല ഒരാൾ വഹിച്ചേതീരൂ. നടന്മാർ നാടകം വായിക്കയും പഠിക്കയും ചെയ്യുന്നത് ആവശ്യമാണ്. അവരും നാടകം മനസ്സിലാക്കാൻ പരിശ്രമിക്കും. പക്ഷേ, അതുകൊണ്ടുമാത്രമായില്ല.

അവർക്കുതന്നെ ഭിന്നാഭിപ്രായങ്ങൾ ഉണ്ടായിയെന്നു വരാം. മനസ്സിലാകാത്തവരെ മനസ്സിലാക്കുവാനും ഭിന്നാഭിപ്രായക്കാരെ യോജിപ്പിക്കുവാനും ഒരാൾ ഉണ്ടാകണം. ആ ചുമതലക്കാരനാണ് ഡയറക്ടർ. മറ്റുള്ളവർക്ക് അഭിപ്രായം പറഞ്ഞുകൂടെന്നില്ല. അന്ത്യതീരുമാനം എപ്പോഴും ഡയറക്ടറുടേതായിരിക്കും എന്നുമാത്രം. ഡയറക്ടറാണെന്നതുകൊണ്ട് അയാൾക്കു ലഭിക്കുന്ന ഒരു പ്രത്യേക അവകാശമല്ല ഇത്. നേരെമറിച്ചു നാടകത്തെപ്പറ്റിയും, അഭിനയത്തെപ്പറ്റിയും ഏറ്റവും ശരിയായ അറിവുള്ളയാൾ ഡയറക്ടറാവുകയാണു ചെയുന്നത്. ഗ്രന്ഥകർത്താവു പലപ്പോഴും ഡയറക്ടറാകാറുണ്ടെങ്കിലും നാട്യകലയെപ്പറ്റി ജ്ഞാനമില്ലാത്ത നാടകകൃത്തുകൾ ഡയറക്റ്റു ചെയുന്നത് ബുദ്ധിയായിരിക്കില്ല. ഡയറക്ടർ നടന്മാരെ നാടകത്തിന്റെ അടിസ്ഥാനാശയം മനസ്സിലാക്കിക്കൊടുക്കുക മാത്രമല്ല ചെയ്യുന്നത്. നടന്മാരേയും സദസ്സിനോടും യോജിപ്പിക്കുന്നതും അയാളുടെ പണിയാണ്. അഥവാ നാടകത്തിന്റെ ആശയം കാണികൾക്കു മനസ്സിലാകത്തക്കവണ്ണം നടന്മാരെക്കൊണ്ടു പ്രകടിപ്പിക്കയെന്ന ജോലി. ഈ ജോലിയാണ് അയാൾ റിഹേഴ്സലിൽ നിർവഹിക്കുന്നത്. ഇവിടെയും അയാളാണ് അവസാന തീരുമാനമെടുക്കാൻ അധികാരമുള്ളയാൾ.

പരിശീലനമെല്ലാം കഴിഞ്ഞ് അഭിനയത്തിന്റെ സമയത്താണു ഡയറക്ടർ സർവാധിപതിയായിത്തീരുന്നത്. ആ രണ്ടു മണിക്കൂർ സമയത്തേക്ക് മറ്റാരുടേയും അഭിപ്രായത്തിന് അയാൾ വിലവെച്ചില്ലെന്നു വരും. ഇത്രയധികം തലവേദനയുണ്ടാക്കുന്ന മറ്റൊരു ജോലിയുണ്ടെന്നു തോന്നുന്നില്ല. അയാളുടെ അധികാരത്തിന്റെ ശക്തി മുഴുവനും ഉത്തരവാദിത്തത്തിന്റെ ഭാരമാണ്. അഭിനയത്തിനും, നടന്മാരുടെ അച്ചടക്കത്തിനും, രംഗസംവിധാനത്തിനും എന്നുവേണ്ട രംഗവേദിയിലുള്ള സകലതിനും അയാളാണുത്തരവാദി. ഒരു വശത്ത് അയാൾ ഒരു നടന്റെ സംശയം തീർക്കേണ്ടിയിരിക്കും. മറുവശത്തു നടന്മാർക്കുള്ള ലഘുഭക്ഷണം പരിശോധിക്കേണ്ടതും അയാൾ തന്നെ. രംഗത്തിൽ എന്തിലും കുഴപ്പമുണ്ടായാൽ അയാളാണതിനു സമാധാനം പറയേണ്ടത്. ചുരുങ്ങിയ ഒരു സമയത്തിനിടയിൽ ഇത്രയധികം കാര്യങ്ങൾ ചെയ്തുതീർക്കേണ്ട ഒരു വ്യക്തിക്ക് അവിടെ ആജ്ഞകൾ കൊടുക്കുവാനുള്ള അവകാശമില്ലെങ്കിൽ കാര്യക്ഷമത കുറയും. അയാൾക്കു ശത്രുക്കളെ സമ്പാദിച്ചുകൊടുക്കുന്നവയാണ്. അനാവശ്യമായതിനകത്തു കടന്നുകൂടി അസൌകര്യം സൃഷ്ടിക്കുന്നവരെ അയാൾ പുറത്താക്കണം. യവനികയ്ക്കിടയിലൂടെ ഒളിഞ്ഞുനോക്കുന്നവരെയും സംസാരിച്ചു ശബ്ദമുണ്ടാക്കുന്നവരെയും അയാൾ തന്നെയാണു തടയേണ്ടത്. അഭിനയത്തിനിടയിൽ വേണ്ടിവന്നേക്കാവുന്ന നൂറുകൂട്ടം സാധനങ്ങൾ അവിടെ എത്തിക്കേണ്ടതും അയാളുടെ ചുമതലയിലെ ഒരിനമാണ്. അതിനിടയിൽ അണിയറയുടെ കാര്യവും ഉണ്ട്. അണിയറയിലെ അന്തരീക്ഷം വളരെ സ്ഫോടനാത്മകമായ ഒന്നാണ്. കലാസമിതികളിലെ അംഗങ്ങളുടെ പെരുമാറ്റത്തിന്റെ ഭംഗിക്കുറവുകൊണ്ടു ലോകപ്രസിദ്ധമായ സ്ഥാപനങ്ങൾ പോലും കേരളത്തിൽ തകർന്നു പോയിട്ടുണ്ട്. അങ്ങനെയുള്ള സന്ദർഭങ്ങൾ ഏറ്റവും അധികം ഉണ്ടാകുന്നത് അണിയറയിൽവെച്ചാണ്. ഇങ്ങനെ നിരവധി പ്രശ്നങ്ങളുടെ നടുവിൽക്കിടന്നു നട്ടംതിരിയുന്ന ഡയറക്ടർ വഹിക്കുന്ന ഭാരം വലിയതാണ്. നാടകാഭിനയത്തിൽ. പ്രതേകിച്ചും പ്രദർശനത്തിന്റെ സമയത്ത്, അയാളെ സർവാധിപതിയായി അവരോധിക്കുക മാത്രമേ നിർവാഹമുള്ളൂ. പ്രദർശനത്തിന്റെ സകല വശങ്ങളെയും സമപ്രാധാന്യത്തോടെ കാണുകയും മനസ്സിലാക്കുകയും ചെയ്യുന്ന ഏകവ്യക്തി അയാളാണ്. അവയെല്ലാം വിജയകരമായി നടത്തുവാനുള്ള ചുമതലയും അയാളുടേതാണ്. അതുകൊണ്ട്, അയാൾക്കുതന്നെയായിരിക്കണം സർവാധികാരവും. അയാളെ നിഷേധിക്കാനുള്ള അവകാശം മുമ്പായിരുന്നു; അയാളെ ആ സ്ഥാനത്തിരുത്തുന്നതിനുമുമ്പ്.

□

## സി. ജെ. തോമസ്



മലയാളഭാഷയിലെ ഒരു നാടകകൃത്തും സാഹിത്യ നിരൂപകനുമായിരുന്ന സി. ജെ. തോമസ് (നവംബർ 14, 1918–ജൂലൈ 14, 1960) എന്നറിയപ്പെടുന്ന ചൊള്ളമ്പേൽ യോഹന്നാൻ തോമസ്. മലയാള നാടകസാഹിത്യത്തെ ആധുനിക ഘട്ടത്തിലെത്തിക്കുന്നതിൽ നിർണ്ണായക പങ്ക് വഹിച്ച ഇദ്ദേഹം പത്രപ്രവർത്തകൻ, ചിത്രകാരൻ എന്നീ നിലകളിലും അറിയപ്പെട്ടിരുന്നു.

1918-ൽ കൂത്താട്ടുകുളത്തെ പ്രമുഖ ക്രിസ്തീയ വൈദികന്റെ മകനായി ജനിച്ച സി. ജെ. വൈദിക വിദ്യാർത്ഥിയായിരിക്കുന്ന സമയത്ത് ളോഹ ഉപേക്ഷിച്ച് തിരിച്ചുപോന്ന് വിപ്ലവം സൃഷ്ടിച്ചു. രണ്ട് വർഷക്കാലം വടകര സെന്റ് ജോൺസ് ഹൈസ്കൂളിലും തുടർന്ന് എം. പി. പോൾസ് കോളേജിലും അധ്യാപകനായി ജോലിനോക്കിയിരുന്ന അദ്ദേഹം പിന്നീട് അവസാനം വരെ പത്രപ്രവർത്തനരംഗത്ത് സജീവമായിരുന്നു. സാഹിത്യ പ്രവർത്തക സഹകരണസംഘം, ആകാശവാണി, ദക്ഷിണഭാഷാ ബുക്ക് ട്രസ്റ്റ് എന്നിവയിലും പ്രവർത്തിച്ചു.

സാഹിത്യ പ്രവർത്തക സഹകരണസംഘം വക പുസ്തകങ്ങളുടെ പുറംചട്ടകൾക്ക് അത്യധികം ആകർഷകങ്ങളായ ചിത്രങ്ങൾ വരച്ച് മലയാള പുസ്തകങ്ങളുടെ പുറംചട്ട രൂപകല്പനയുടെ രംഗത്ത് മാറ്റങ്ങളുടെ തുടക്കം കുറിച്ചത് സി. ജെ.-യാണ്.

പ്രസിദ്ധ സാഹിത്യകാരനായിരുന്ന എം. പി. പോളിന്റെ മൂത്ത പുത്രി റോസിയെയാണ് വിവാഹം ചെയ്തത്. റോസി തോമസ് സി. ജെ.-യുടെ മരണശേഷം അറിയപ്പെടുന്ന സാഹിത്യകാരിയായി.

പ്രശസ്ത കവയിത്രി മേരി ജോൺ കൂത്താട്ടുകുളം സി. ജെ. തോമസിന്റെ മൂത്ത സഹോദരിയായിരുന്നു. 1960 ജൂലൈ 14-ന് 42-ാം വയസ്സിൽ സി. ജെ. അന്തരിച്ചു.

# പിൻകുറിപ്പ്

- മുപ്പതു മുതൽ നാല്പതു മിനിട്ടിനകം വായിച്ചു തീർക്കാവുന്ന ഉള്ളടക്കമാണ് സായാഹ്ന പുറത്തിറക്കുന്ന ഈ ഫോൺ പിഡിഎഫുകളിൽ ഉള്ളത്. ഇതു വായിക്കുവാനായി ഒരിക്കലും ഒരു കമ്പ്യൂട്ടറോ ഡെസ്ക്ടോപ് ആപ്ലിക്കേഷനുകളൊ ആവശ്യമില്ല.
- ആധുനിക മനുഷ്യന്റെ സന്തതസഹചാരിയായ സ്മാർട്ട് ഫോണുകളുടെ സ്ക്രീനിൽ തന്നെ വായിക്കുവാൻ തക്ക രീതിയിലാണു ഈ പിഡിഎഫുകൾ വിന്യസിച്ചിരിക്കുന്നത്. ഫോണിന്റെ വീതിക്കു നിജപ്പെടുത്തിയ രീതിയിലാണ് മാർജിനുകൾ ചിട്ടപ്പെടുത്തിയിരിക്കുന്നത്.
- പിഡിഎഫ് പ്രമാണങ്ങൾ വായിക്കുവാനുള്ള പ്രയോഗങ്ങൾ എല്ലാതരം സ്മാർട്ട്ഫോണുകളിലും ഇന്നു ലഭ്യമാണ്. എന്നിരിക്കിലും സൗജന്യമായി കിട്ടുന്ന അഡോബി അക്രോബാറ്റ് റീഡർ ആണ് ഇവയിൽ ഏറ്റവും മുന്തിയത്. അതുകൊണ്ട് അഡോബി റീഡർ ഇൻസ്റ്റാൾ ചെയ്യുകയും അതിൽ ഈ ഫോൺ പിഡിഎഫുകൾ വായിക്കുകയും ചെയ്യുക.
- സ്വതന്ത്രപ്രസാധനം ആഗ്രഹിക്കുന്ന/ഇഷ്ടപ്പെടുന്ന ആർക്കുവേണമെങ്കിലും സായാഹ്നയിലൂടെ സ്വന്തം കൃതികൾ പ്രസാധനം ചെയ്യാവുന്നതാണ്. 30 മുതൽ 60 മിനിട്ടുകൾക്കകം വായിച്ചുതീർക്കാവുന്ന ഉള്ളടക്കം – കഥകൾ, അനുഭവക്കുറിപ്പുകൾ, ലേഖനങ്ങൾ, അഭിമുഖങ്ങൾ, സിനിമാനിരൂപണങ്ങൾ, കവിതകൾ – എന്നു തുടങ്ങി എന്തുവേണമെങ്കിലും അയയ്ക്കാവുന്നതാണ്. അയയ്ക്കേണ്ട വിലാസം: <info@sayahna.org>.
- പ്രതികരണങ്ങൾ <info@sayahna.org> എന്ന ഇമെയിലിലേയ്ക്കോ, ഈ വെബ് പേജിൽ കമ്മന്റുകളായോ ചേർക്കുക. നിർദ്ദേശങ്ങളും വിമർശനങ്ങളും എപ്പോഴും സ്വീകാര്യമാണ്. അവ സായാഹ്നപ്രവർത്തകർക്ക് കൂടുതൽ ഉത്തേജനം നൽകുന്നതാണ്.